ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. DTETVM/6502/2025-L2 (PLA) തീയതി: 06-08-2025

## പരിപത്രം

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - വിവിധ സർക്കാർ/എയ്ഡഡ്/പോളിടെക്നിക് കോളേജുകളിൽ നിന്ന് 2018-19 മുതൽ 2021-22 വരെ QIP മുഖേന എം.ടെക്/പി എച്ച് ഡി പഠനത്തിന് പോയ ഫാക്കൽറ്റികൾ എം.ടെക്/പി എച്ച് ഡി സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നത് - പുതുക്കിയ നിർദേശം - സംബന്ധിച്ച്

സൂചന :- 02/08/2025 ലെ ഇതേ നമ്പർ പരിപത്രം

ഈ വകുപ്പിന് കീഴിൽ വിവിധ സർക്കാർ/എയ്ഡഡ്/പോളിടെക്നിക് കോളേജുകളിൽ നിന്ന് 2018-19 മുതൽ 2021-22 വരെ QIP മുഖേന എം.ടെക്/പി എച്ച് ഡി പഠനത്തിന് പോയ ഫാക്കൽറ്റികളുടെ എം.ടെക്/പി എച്ച് ഡി സർട്ടിഫിക്കറ്റ് പകർപ്പ് ഈ സെക്ഷനിൽ ലഭിക്കാത്ത ജീവനക്കാരുടെ ലിസ്റ്റാണ് സൂചന സർക്കുലറിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട ഏതാണ്ട് മുഴുവൻ അദ്ധ്യാപകരും പഠനം പൂർത്തീകരിച്ചതായി തുടർ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ ലിസ്റ്റിൽ ഉൾപ്പെട്ട അദ്ധ്യാപകരുടെ സർട്ടിഫിക്കറ്റ് പകർപ്പുകൾ ഈ സെക്ഷനിൽ ലഭിക്കാത്തത് കാരണം ബന്ധപ്പെട്ട ഫയലിൽ ഉൾപ്പെടുത്തി ഫയൽ ക്ലോസ് ചെയ്യുവാൻ കഴിയാത്ത സാഹചര്യമാണ്. ആയതിനാൽ സർക്കാർ നിർദേശിച്ചിട്ടുള്ള ഫയൽ അദാലത്തുമായി ബന്ധപ്പെട്ട കുടിശ്ശിക ഫയൽ തീർപ്പാക്കൽ യജ്ഞത്തിന്റെ ഭാഗമായി നടപടികൾ പൂർത്തീകരിച്ച ഫയലുകൾ ക്ലോസ് ചെയ്യേണ്ടതിനാൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുന്ന ജീവനക്കാർ അവരുടെ എം.ടെക്/ പി എച്ച് ഡി സർട്ടിഫിക്കറ്റിന്റെ പകർപ്പ് L2 സെക്ഷനിൽ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്നറിയിക്കുന്നു. അതോടൊപ്പം QIP മുഖേന തുടർപഠനത്തിന് പോകുന്ന അധ്യാപകർ അവരുടെ പഠനം പൂർത്തിയാകുന്ന മുറക്ക് യോഗ്യത നേടിയ സർട്ടിഫിക്കറ്റ് ഈ സെക്ഷനിലേക്കു അയച്ചു തരേണ്ടതാണ് എന്നും അറിയിക്കുന്നു

ANI ABRAHAM
SENIOR JOINT DIRECTOR (PS)

**Signed by Ani Abraham**
**Date: 06-08-2025 15:10:45**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ ഗവൺമെൻറ്/എയ്ഡഡ് പോളിടെക്നിക് കോളേജ് പ്രിൻസിപ്പാൾമാർക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ്

മുഖാന്തിരം).

.

.